കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

2004 ജൂൺ 25, വെള്ളി

വാല്യം CXXI] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 1

നിയമസഭ 2004 ജൂൺ മാസം 25-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

ചരമോപചാരം

മി. സ്പീക്കർ : ഓർഡർ..... ഓർഡർ.....

ഇന്നത്തെ കാര്യവിവരപ്പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ചരമോപചാരം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ അഭ്യർത്ഥന പ്രകാരം ബഹുമാനപ്പെട്ട സഭാനേതാവുമായി ആലോചിച്ച് രണ്ട് ഭാഗമായി നടത്താൻ തീരുമാനിച്ചിരിക്കുകയാണ്. കേരള ഗവർണ്ണറായിരിക്കെ അന്തരിച്ച സിക്കന്തർ ബക്തിന്റെ നിര്യാണം സംബന്ധിച്ച റഫറൻസ് ഇപ്പോൾ നടത്തിയശേഷം സഭ പിരിയുന്നതും 10.30-ന് സഭ വീണ്ടും സമ്മേളിച്ച് മുൻ മുഖ്യമന്ത്രി ഇ. കെ. നായനാരുടേയും, തിരു-കൊച്ചി നിയമസഭാ സ്പീക്കറായിരുന്ന എ. എം. തോമസിന്റേയും നിര്യാണം സംബന്ധിച്ച റഫറൻസ് നടത്തുന്നതുമാണ്.

കേരള ഗവർണ്ണറായിരിക്കെ അന്തരിച്ച സിക്കന്തർ ബക്തിന്റെ നിര്യാണം സംബന്ധിച്ച്

മി. സ്പീക്കർ: കേരള ഗവർണർ സിക്കന്തർ ബക്ത് തികച്ചും ആകസ്മികമായാണ് നമ്മെ വിട്ടുപിരിഞ്ഞത്. ഹ്രസ്വമായ ഒരു കാലയളവിനുള്ളിൽ കേരളത്തിന്റെ സാമൂഹ്യവും രാഷ്ട്രീയവുമായ പ്രത്യേകതകൾ മനസ്സിലാക്കുകയും എല്ലാ വിഭാഗം ആളുകളുടേയും സ്നേഹാദരങ്ങൾ ആർജ്ജിക്കുകയും ചെയ്ത ഭരണത്തലവനായിരുന്നു സിക്കന്തർ ബക്ത്.

1918 ആഗസ്റ്റ് 24-ന് ഡൽഹിയിൽ ജനിച്ച സിക്കന്തർ ബക്ത് ബിരുദം നേടിയശേഷം ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിലൂടെ രാഷ്ട്രീയ പ്രവർത്തനമാരംഭിച്ചു. 1969-ൽ പാർട്ടിയിലുണ്ടായ ഭിന്നിപ്പിനെത്തുടർന്ന് അദ്ദേഹം സംഘടനയുടെ ഔദ്യോഗിക വിഭാഗത്തോടൊപ്പം നിലയുറപ്പിച്ചു. സംഘടനാ കോൺഗ്രസ്സിന്റെ വർക്കിംഗ് കമ്മിറ്റി അംഗമായിരുന്നു അദ്ദേഹം. ജനതാപാർട്ടി രൂപീകരിക്കപ്പെട്ടപ്പോൾ അതിൽ അംഗത്വം സ്വീകരിച്ച ബക്ത് ആറാം ലോക്സഭയിലേക്ക് ചാന്ദിനിചൗക്ക് നിയോജകമണ്ഡലത്തിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ടു. 1977-79 കാലയളവിൽ മൊറാർജി ദേശായിയുടെ നേതൃത്വത്തിൽ രൂപീകൃതമായ ആദ്യത്തെ കോൺഗ്രസ്സിതര മന്ത്രിസഭയിൽ അദ്ദേഹം ഭവനനിർമ്മാണം, വഖഫ് തുടങ്ങിയ വകുപ്പുകളുടെ ചുമതലയുള്ള ക്യാബിനറ്റ് മന്ത്രിയായിരുന്നു. പിന്നീട് ഭാരതീയ ജനതാപാർട്ടിയിൽ ചേരുകയും 1982 മുതൽ 1993 വരെ പാർട്ടിയുടെ വൈസ് പ്രസിഡന്റ് സ്ഥാനം വഹിക്കുകയും ചെയ്തു. 1990, 1996 എന്നീ വർഷങ്ങളിൽ അദ്ദേഹം രാജ്യസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു. 1996-ലെ ഹ്രസ്വകാല മന്ത്രിസഭയിൽ അദ്ദേഹം വിദേശകാര്യവും നഗരവികസനവും വകുപ്പുകളുടെ മന്ത്രിയായിരുന്നു. 1998 മാർച്ച് 19 മുതൽ രാജ്യസഭാ നേതാവായും വിവിധ കാലഘട്ടങ്ങളിൽ രാജ്യസഭയിലെ

LIBRARY ARCHIVES Kerala Legislative Assembly

പ്രതിപക്ഷ നേതാവായും പ്രവർത്തിച്ചിട്ടുണ്ട്. കലാകായിക രംഗങ്ങളിൽ പ്രത്യേക താല്പര്യമുണ്ടായിരുന്ന ബക്തിന് ഹിന്ദുസ്ഥാനി സംഗീതത്തിൽ അവഗാഹമുണ്ടായിരുന്നു. സാഹിത്യ വിഷയങ്ങളോട് പൊതുവേയും ഉറുദു കവിതകളോട് പ്രത്യേകിച്ചും അദ്ദേഹത്തിന് ആഭിമുഖ്യമുണ്ടായിരുന്നു.

ബക്ത് ആദ്യമായി കേരള നിയമസഭയെ അഭിസംബോധന ചെയ്തു പ്രസംഗിച്ചത് 2003 ജനുവരി 24-നാണ്. ഗവർണ്ണറുടെ പ്രസംഗത്തോടനുബന്ധിച്ച് ദേശീയഗാനമാലപിക്കണമെന്ന അദ്ദേഹത്തിന്റെ അഭിപ്രായം ഉചിതമാണെന്ന് ചെയറിന് തോന്നുകയും നമ്മുടെ സഭയുടെ ചരിത്രത്തിലാദ്യമായി ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിന് മുമ്പും പിമ്പും ദേശീയഗാനം ആലപിക്കുന്ന സമ്പ്രദായം ആരംഭിക്കുകയും ചെയ്തകാര്യം ഈ സന്ദർഭത്തിൽ ഓർമ്മയിലെത്തുന്നു. ഇത്തവണയും ആ പതിവ് തുടരുകയുണ്ടായി. 2004 ജനുവരി 15-ന് ബക്ത് അവസാനമായി ഈ സഭയെ അഭിസംബോധനചെയ്തു പ്രസംഗിച്ചു. അന്ന് എൺപത്തിയഞ്ച് വയസ്സുണ്ടായിരുന്ന സിക്കന്തർ ബക്ത് ചുറുചുറുക്കുള്ള ഒരു ചെറുപ്പക്കാരനെപ്പോലെ ഒരു മണിക്കൂറിലധികം സമയം സുവ്യക്തവും സുദൃഢവുമായ ഭാഷയിൽ നടത്തിയ പ്രസംഗം ഈ സഭ കാതോർത്തു കേട്ടിരുന്നതാണ്. അപ്പോൾ അദ്ദേഹത്തിന് കാര്യമായ എന്തെങ്കിലും ആരോഗ്യപ്രശ്നം ഉണ്ടായിരുന്നതായി തോന്നിയില്ല. ഇത്രപെട്ടെന്ന് അദ്ദേഹം നമ്മെ വിട്ടുപിരിയുമെന്ന് അന്നാരും കരുതിയതുമില്ല.

സിക്കന്തർ ബക്ത് ബഹുമുഖ പ്രതിഭകൾ ഒത്തിണങ്ങിയ ഒരു ഭരണ തന്ത്രജ്ഞനായിരുന്നു. ഗവർണർ പദവിയുടെ പ്രൗഢിയും അന്തസ്സും ചോർന്നുപോകാതെ ലെജിസ്ലേച്ചറിന്റേയും എക്സിക്യൂട്ടീവിന്റേയും ജുഡീഷ്യറിയുടെയും തലവനെന്ന നിലയിൽ സംസ്ഥാനത്തെ ജനകീയ പ്രശ്നങ്ങളോട് നിഷ്പക്ഷമായി സംവദിക്കാനുള്ള അദ്ദേഹത്തിന്റെ സന്നദ്ധത ഏവരുടേയും പ്രശംസയ്ക്ക് പാത്രമായിട്ടുണ്ട്. സിക്കന്തർ ബക്തിന്റെ ദേഹവിയോഗംമൂലം നമുക്കുണ്ടായ നഷ്ടം വളരെ വലുതാണ്. അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ ഈ സഭ പങ്കുചേരുകയും ആ മഹത് വ്യക്തിയുടെ സ്മരണയ്ക്കു മുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്യുന്നു.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) : സർ, തികഞ്ഞ ആദരണീയനായ മുൻ ഗവർണർ സിക്കന്തർ ബക്തിന്റെ നിര്യാണത്തെത്തുടർന്നുണ്ടായ വേദന ഇപ്പോഴും തീർത്തും വിട്ടുമാറിയിട്ടില്ല. അദ്ദേഹത്തെക്കുറിച്ച് അങ്ങ് പ്രകടിപ്പിച്ച എല്ലാ വികാരങ്ങളോടും ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. അസാധാരണമായ വ്യക്തിത്വമുള്ള കുലീനനായ, സംസ്കാരസമ്പന്നനായ ഒരു പൊതുപ്രവർത്തകനായിരുന്നു അദ്ദേഹം. വിദ്യാർത്ഥിയായിരിക്കുന്ന കാലഘട്ടത്തിൽ ദേശീയ പ്രസ്ഥാനത്തിലേക്ക് എടുത്തുചാടിയ അദ്ദേഹം സ്വാതന്ത്ര്യ സമര കാലഘട്ടത്തിൽ, വളരെ ചെറുപ്പത്തിൽത്തന്നെ ധീരമായ പങ്കുവഹിച്ച ഒരു സ്വാതന്ത്ര്യ സമര പോരാളിയാണ്. കോൺഗ്രസ് പാർട്ടിയിലൂടെയാണ് അദ്ദേഹം ദേശീയരംഗത്തേക്ക് കടന്നുവന്നത്. പാർട്ടിക്കുള്ളിൽ തനിക്ക് ശരിയാണെന്ന് തോന്നുന്ന അഭിപ്രായങ്ങൾ വെട്ടിത്തുറന്ന് പറയുന്ന സ്വഭാവം അദ്ദേഹം വച്ചുപുലർത്തിയിരുന്നു. ഈ സ്വഭാവം മിത്രങ്ങളെപ്പോലെ അദ്ദേഹത്തിന് ശത്രുക്കളേയും നേടിക്കൊടുത്തിരുന്നു. പാർട്ടിയിലെ ഭിന്നിപ്പിനെത്തുടർന്ന് അദ്ദേഹം സംഘടനാ കോൺഗ്രസ്സിൽ ചേരുകയും അതിന്റെ വർക്കിംഗ് കമ്മിറ്റി മെമ്പറായി അന്നത്തെ കോൺഗ്രസ് പ്രസിഡന്റ് അദ്ദേഹത്തെ നോമിനേറ്റ് ചെയ്യുകയും ചെയ്തു. അവിടെനിന്നാണ് അദ്ദേഹം ജനതാ

LIBRARY ARCHIVES Kerala Legislative Assembly

പാർട്ടിയിലേക്കും പിന്നീട് ബി.ജെ.പി.-യിലേക്കും കടന്നുചെന്നത്. രാഷ്ട്രീയ നിലപാടുകളിൽ മാറ്റമുണ്ടായിട്ടുണ്ടെങ്കിലും ആരംഭകാലം മുതൽ താനുമായി ബന്ധപ്പെട്ട് വന്നിച്ച ഒരു സുഹൃത്വലയം ജാതിമത രാഷ്ട്രീയ വൃത്യാസങ്ങൾക്കതീതമായി വളർത്തിയെടുക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. ഡൽഹിയിൽ അദ്ദേഹത്തിന്റെ ശവസംസ്കാര ചടങ്ങിൽ, ജാതി മത രാഷ്ട്രീയ ഭേദമെന്യേ പതിനായിരക്കണക്കിന് ഡൽഹി നിവാസികൾ, ഡൽഹിയിലെ വിവിധ രാഷ്ട്രീയ നേതാക്കന്മാരെല്ലാം പങ്കെടുത്തത് അദ്ദേഹത്തോടുള്ള ആദരവ് മതിൽക്കെട്ടുകൾക്കുമപ്പുറം എല്ലാ വിഭാഗം ജനങ്ങളും അദ്ദേഹത്തെ ബഹുമാനിച്ചിരുന്നു എന്നതിന് തെളിവാണ്. കേരളത്തെ വളരെയധികം സ്നേഹിച്ചിരുന്ന ഒരു ഗവർണറായിരുന്നു അദ്ദേഹം. കേരളത്തിലേക്ക് വന്ന അന്നു മുതൽ കേരളത്തെ പഠിക്കുവാൻ, കേരളത്തിന്റെ പ്രത്യേകതകൾ മനസ്സിലാക്കുവാൻ, പ്രശ്നങ്ങൾ മനസ്സിലാക്കുവാൻ അദ്ദേഹം ആത്മാർത്ഥമായി ശ്രമിച്ചിരുന്നു. ഗവർണറുടെ പരിമിതിക്കകത്ത് നിന്നുകൊണ്ട് കേരളത്തിന്റെ പ്രശ്നങ്ങൾ പലപ്പോഴും പ്രധാനമന്ത്രിയുടേയും കേന്ദ്ര ഗവണ്മെന്റിന്റേയും ശ്രദ്ധയിൽ പെടുത്താനും കേരളത്തിന്റെ ന്യായമായ അവകാശങ്ങൾ അനുവദിച്ചുതരണമെന്ന് കേന്ദ്ര ഗവണ്മെന്റിനോട് ആവശ്യപ്പെടാനും അദ്ദേഹം തയ്യാറായിട്ടുണ്ട്. അദ്ദേഹം കേരളത്തെ ഏറ്റവും കൂടുതൽ സ്നേഹിച്ചിരുന്നു. കേരളം ഇന്നത്തേക്കാൾ അതിവേഗം മുന്നോട്ടുപോകണം, കേരളത്തിന് ദേശീയരംഗത്തും വികസനകാര്യത്തിലും അർഹമായ അംഗീകാരം കിട്ടണം എന്നൊക്കെ നിർബന്ധമുള്ള ഒരു ഗവർണറായിരുന്നു അദ്ദേഹം. ഇവിടെ വന്നതിനുശേഷം ചുരുങ്ങിയകാലംകൊണ്ട് സഭയിലെ അംഗങ്ങളുടെ മാത്രമല്ല സംസ്ഥാനത്തെ ഇതരവിഭാഗം ജനങ്ങളുടേയും ആദരവും സ്നേഹവും പിടിച്ചുപറ്റാൻ അദ്ദേഹത്തിനു സാധിച്ചു. ഞാൻ അദ്ദേഹവുമായി ആദ്യമായി പരിചയപ്പെടുന്നത് ആദ്യത്തെ തവണ 1977-ൽ മുഖ്യമന്ത്രിയായിരുന്ന അവസരത്തിലാണ്. അന്ന് അദ്ദേഹം മൊറാർജി ദേശായി ഗവണ്മെന്റിലെ നഗര വികസന മന്ത്രിയാണ്. കേരള ഹൗസിരിക്കുന്ന പ്രദേശത്ത് ഇരുനിലക്കെട്ടിടം വയ്ക്കുവാൻ ആ കാലഘട്ടത്തിൽ ഡൽഹി അധികാരികൾ അനുവാദം കൊടുക്കുകയില്ലായിരുന്നു. അത് നിരോധിത മേഖലയായിരുന്നു. ആ മേഖലയിൽ ആദ്യമായി നിരോധനത്തിന് ഇളവുവരുത്തി ഇന്ന് നാമെല്ലാംപോയി താമസിക്കുന്ന കേരളാ ഹൗസ് അവിടെ നിർമ്മിക്കുവാൻ അനുവാദം തന്നത് അന്ന് നഗരവികസന വകുപ്പുമന്ത്രിയായിരുന്ന സിക്കന്തർ ബക്തായാണ്. അന്നത്തെ മുഖ്യമന്ത്രിയെന്ന നിലയിൽ എന്റെ അഭ്യർത്ഥനയെ മാനിച്ചാണ് തുടങ്ങിയത്. അന്നുമുതൽ അവസാനകാലംവരെ ഞങ്ങൾ തമ്മിൽ അടുത്ത ബന്ധമുണ്ടായിരുന്നു. പത്തുവർഷക്കാലത്തോളം ഞാൻ രാജ്യസഭാ മെമ്പറായിരുന്ന അവസരത്തിൽ അദ്ദേഹവും രാജ്യസഭയിലുണ്ടായിരുന്നു. രാജ്യസഭയിൽ പ്രതിപക്ഷ നേതാവായി അദ്ദേഹം വളരെവർഷം പ്രവർത്തിച്ചു. രാജ്യസഭയിൽ അദ്ദേഹം എല്ലാ വിഭാഗം മെമ്പർമാരുടെയും ആദരവ് പിടിച്ചുപറ്റി. അദ്ദേഹത്തിന്റെ പ്രസംഗം, അദ്ദേഹത്തിന്റെ ഉറുദുവിലുള്ള കവിതാ ശകലങ്ങൾ ഇതൊക്കെ എല്ലാ മെമ്പർമാരെയും ആഹ്ലാദചിത്തരാക്കിയിരുന്നു. വളരെയധികം ശ്രദ്ധപിടിച്ചുപറ്റിയ ഒരു പ്രതിപക്ഷ നേതാവായിരുന്നു അദ്ദേഹം. എന്നെ സംബന്ധിച്ചിടത്തോളം ഏറ്റവും അടുപ്പമുള്ള പൊതു പ്രവർത്തകന്മാരിൽ ഒരാളായിരുന്നു അദ്ദേഹം. ഞാൻ ഏറ്റവും കൂടുതൽ അടുക്കുകയും ഞാനുമായി ഏറ്റവുമധികം ഊഷ്മളമായ ബന്ധവുമുണ്ടായിരുന്ന ആളാണ് അദ്ദേഹം. സദാ പൊട്ടിച്ചിരിക്കുന്ന അദ്ദേഹം അവസാനം പിരിഞ്ഞപ്പോഴും ഇനിയും കാണാമെന്ന് ചിരിയോടെയാണ് യാത്രപറഞ്ഞത്. പക്ഷേ അവസാനം

LIBRARY ARCHIVES Kerala Legislative Assembly

കാണേണ്ടിവന്നത് തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഓർമ്മ നശിച്ചുള്ള അദ്ദേഹത്തിന്റെ കിടപ്പാണ്. ആ ദുഃഖം ഇപ്പോഴും എന്റെ മനസ്സിന്റെ കോണിൽ തളംകെട്ടി കിടപ്പുണ്ട്. ചുരുങ്ങിയ കാലംകൊണ്ട് കേരളത്തിന്റെ മുഴുവൻ സ്നേഹാദരവ് പിടിച്ചുപറ്റിയ ഇൻഡ്യൻ രാഷ്ട്രീയത്തിലെ ഒരു ജെന്റിൽമാനായിരുന്ന പൊളിറ്റീഷ്യനായ സിക്കന്തറിന്റെ നിര്യാണത്തിൽ ബഹുമാനപ്പെട്ട സ്പീക്കർ പ്രകടിപ്പിച്ച വികാരങ്ങൾ ഞാൻ പൂർണ്ണമായി ഉൾക്കൊള്ളുന്നു. അദ്ദേഹത്തിന്റെ വേർപ്പാടിൽ ഇപ്പോഴും ദുഃഖം മാറാതെ കഴിയുകയാണ് അദ്ദേഹത്തിന്റെ പ്രിയപ്പെട്ട പത്നി. രണ്ട് സമുദായത്തിൽപ്പെട്ട ആ ചെറുപ്പക്കാർ സ്നേഹിച്ച് വിവാഹം കഴിച്ചതാണ്. ഇത്രയും നല്ല ദാമ്പത്യബന്ധം വളരെ അപൂർവ്വമാണ്. ഏറ്റവും നല്ല ദാമ്പത്യബന്ധമായിരുന്നു. സിക്കന്തർ ബക്തിന്റെ മരണശേഷം അദ്ദേഹത്തിന്റെ ഭാര്യ ഇപ്പോഴും ആഘാതത്തിൽനിന്ന് മോചിതയായിട്ടില്ല. ആ വേർപാടിൽ വേദനിക്കുന്ന അദ്ദേഹത്തിന്റെ പത്നിയോടും കുടുംബാംഗങ്ങളോടും ബന്ധുക്കളോടും ഈ സഭയ്ക്കും കേരളത്തിലെ ജനങ്ങൾക്കും ഗവൺമെന്റിനുമുള്ള അനുശോചനം രേഖപ്പെടുത്തിക്കൊണ്ട് ഒരിക്കൽക്കൂടി അദ്ദേഹത്തിന്റെ പാവനസ്മരണയ്ക്ക് മുന്നിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് നിർത്തുന്നു. ജയ്ഹിന്ദ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, അന്തരിച്ച സിക്കന്തർ ബക്തിനെ സംബന്ധിച്ച് അങ്ങും സഭാനേതാവും പ്രകടിപ്പിച്ച വികാരങ്ങളോട് ഞാൻ പൂർണ്ണമായും പങ്ക് ചേരുകയാണ്. സിക്കന്തർ ബക്തിന്റെ രാഷ്ട്രീയ ജീവിതം സംഭവബഹുലമായിരുന്നു. കോൺഗ്രസ്സുകാരനായി രാഷ്ട്രീയ പ്രവർത്തനം ആരംഭിച്ച സിക്കന്തർ ബക്ത് ഒരു ഘട്ടത്തിൽ കോൺഗ്രസ്സുകാരുമായി അകലുകയും സംഘടനാ കോൺഗ്രസ്സിന് നേതൃത്വം കൊടുക്കുകയും ചെയ്ത സന്ദർഭത്തിൽ ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനവുമായി സഹകരിച്ച് പ്രവർത്തിച്ച കാലഘട്ടം ഉണ്ടായിരുന്നു. അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചപ്പോൾ അതിനെതിരായി ധീരമായി ശബ്ദിച്ച സിക്കന്തറിനെ അറസ്റ്റുചെയ്ത സ്ഥിതിവിശേഷമുണ്ടായി. അടിയന്തരാവസ്ഥയ്ക്ക് എതിരായ പോരാട്ടത്തിൽ ജനാധിപത്യത്തിന്റെകൂടെ നിലയുറപ്പിക്കുവാൻ സിക്കന്തർ ബക്തിന് അന്ന് സാധിച്ചിരുന്നു. എന്നാൽ പിന്നീട് അദ്ദേഹത്തിന്റെ രാഷ്ട്രീയ ജീവിതത്തിൽ വന്ന വലിയ ഒരു വ്യതിയാനമാണ് അദ്ദേഹത്തെ ബി.ജെ.പി.യിലേയ്ക്ക് കൊണ്ടുചെന്നെത്തിച്ചത്. ബി.ജെ.പി.യുടെ സമുന്നതന്മാരായ നേതാക്കന്മാരുടെ നിരയിലേയ്ക്ക് ഉയരുവാൻ അദ്ദേഹത്തിന് അതിവേഗം സാധിച്ചു. എന്നാൽ ആ സന്ദർഭത്തിലും ബി.ജെ.പി. ക്കകത്തുള്ള ആർ.എസ്.എസ്. നിലപാടിനെ ഉയർത്തിപ്പിടിക്കുവാൻ അദ്ദേഹം സന്നദ്ധനായില്ല. മതേതരത്വത്തിന്റെ ഒരു മുഖം നൽകുന്നതിനുവേണ്ടി ബി.ജെ.പി. പലപ്പോഴും സിക്കന്തർ ബക്തിനെയാണ് ചൂണ്ടിക്കാണിച്ചിരുന്നത്. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചൂണ്ടിക്കാണിച്ചതുപോലെ മതേതരത്വത്തിന്റെ ഒരു പ്രതീകമായി ജീവിതം പകർത്തുന്നതിനുവേണ്ടി അദ്ദേഹത്തിന്റെ കുടുംബ ജീവിതംപോലും ഉപയോഗിച്ചു എന്നത് നാം പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യമാണ്. വ്യക്തിജീവിതത്തിൽ അത് പുലർത്തുവാൻ അദ്ദേഹം ശ്രദ്ധിച്ചുവെന്നാണ് ഇത് കാണിക്കുന്നത്. കേരളാ ഗവർണ്ണർ എന്ന നിലയിൽ ചുരുങ്ങിയ കാലം മാത്രമേ അദ്ദേഹത്തിന് പ്രവർത്തിക്കുവാൻ സാധിച്ചിട്ടുള്ളു. എന്നാൽ അദ്ദേഹം ഗവർണ്ണറുടെ സ്ഥാനത്തിരുന്ന ഘട്ടത്തിൽ അദ്ദേഹം സ്വീകരിച്ച നിലപാട് മാതൃകാപരമായിരുന്നു. നിഷ്പക്ഷമായി കാര്യങ്ങൾ ചെയ്യുന്നതിന് പ്രത്യേകമായ ശ്രദ്ധ ഗവർണ്ണർ എന്ന നിലയിൽ പ്രവർത്തിക്കുന്ന സന്ദർഭത്തിൽ സിക്കന്തർ ബക്തിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ട്. -പ്രതിപക്ഷം ഉയർത്തുന്ന പ്രശ്നങ്ങൾ പരിശോധിക്കുവാൻ

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹം സന്നദ്ധമായിരുന്നു. ഇവിടെ നമ്മുടെ നിയമസഭതന്നെ അംഗീകരിച്ച പല ബില്ലുകളും അദ്ദേഹം പരിശോധിക്കുന്നതിന് സന്നദ്ധമായി. പ്രതിപക്ഷം മുന്നോട്ടുവയ്ക്കുന്ന നിർദ്ദേശങ്ങൾക്കുപോലും കാതുകൊടുക്കുവാൻ സന്നദ്ധമായ ഒരു ഗവർണ്ണറായിരുന്നു സിക്കന്തർ ബക്ത് എന്ന കാര്യം ഈ സന്ദർഭത്തിൽ ഞാൻ പ്രത്യേകം ഓർക്കുകയാണ്. അദ്ദേഹത്തിന് വശ്യമായ പെരുമാറ്റ രീതി ഉണ്ടായിരുന്നു. പൊതുപ്രവർത്തകരോട് വളരെവേഗം ഇടപെടാൻ അദ്ദേഹത്തിന് സാധിച്ചു. ഞാനും അദ്ദേഹവും തമ്മിൽ വളരെ ചുരുങ്ങിയ പരിചയമേയുള്ളൂ. തലശ്ശേരി കോടതിയുടെ ഇരുന്നൂറാം വാർഷികം ഉദ്ഘാടനം ചെയ്യുന്ന അവസരത്തിൽ സിക്കന്തർ ബക്തുമായി കുറേ സമയം ഇടപഴകുവാൻ സാധിച്ചു. അപ്പോഴാണ് അദ്ദേഹത്തിന്റെ വശ്യതയാർന്ന പെരുമാറ്റരീതി എനിക്ക് അനുഭവപ്പെട്ടത്. പൊതു പ്രവർത്തകരുമായി വളരെവേഗം ഇഴുകിചേരുന്ന ആ പ്രത്യേകത എന്നെ വളരെ ആകർഷിച്ചിട്ടുണ്ട്. ആ നിലയിലെല്ലാം ശ്രദ്ധേയമായ ജീവിതംകൊണ്ട് നമ്മുടെ മനസ്സിൽ സ്ഥാനംപിടിച്ച സിക്കന്തർ ബക്തിന്റെ ചരമത്തിൽ അഗാധമായ അനുശോചനം ഞാൻ രേഖപ്പെടുത്തുന്നു. സന്തപ്ത കുടുംബാംഗങ്ങളെ അനുശോചനം അറിയിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ബഹുമാന്യനായ അങ്ങും ബഹുമാന്യനായ മുഖ്യമന്ത്രിയും പ്രതിപക്ഷ ഉപനേതാവും ഇവിടെ പ്രകടിപ്പിച്ച അഭിവന്ദ്യനായ ഗവർണ്ണറെക്കുറിച്ചുള്ള പരാമർശങ്ങളോട് ഞാനും യോജിക്കുകയാണ്. ഇൻഡ്യൻ രാഷ്ട്രീയത്തെ കുറിച്ച് പതിറ്റാണ്ടുകളായി അറിയാവുന്ന എല്ലാപേർക്കുംതന്നെ അദ്ദേഹത്തിന്റെ നാമം അറിയാം. ആദികാലത്ത് കോൺഗ്രസ്സ് രാഷ്ട്രീയവും പിന്നെ കോൺഗ്രസ്സിലെ പിളർപ്പും അതിനുശേഷംവന്ന പ്രതിപക്ഷ ഗവൺമെന്റും അതിനെ തുടർന്ന് ബി.ജെ.പി.യിൽ വന്നതുമായ വലിയൊരു ചരിത്രംതന്നെയാണ് അദ്ദേഹത്തിന്റെ ജീവിതം. മാത്രമല്ല, ഇവിടെ ബഹുമാന്യനായ കോടിയേരി ബാലകൃഷ്ണൻ പറഞ്ഞതുപോലെ ഒരു പ്രത്യേക രാഷ്ട്രീയ വ്യക്തിത്വം രാജ്യത്ത് അവതരിപ്പിച്ച വ്യക്തിയാണ് സിക്കന്തർ ബക്ത്. അദ്ദേഹം അടിമുടി വ്യക്തിപരമായി ആദർശനിഷ്ഠയുള്ള രാഷ്ട്രീയ നേതാവായിരുന്നുവെന്നത് എല്ലാപേർക്കുമറിയാം. അദ്ദേഹമെന്ന വ്യക്തി വളരെയധികം ശ്രദ്ധിക്കപ്പെട്ട, കഴിവുള്ള, വളരെ മാന്യനായ, കുലീനനായ, എല്ലാപേരോടും സ്നേഹാദരവുള്ള ഒരു രാഷ്ട്രീയ നേതാവായിരുന്നു സിക്കന്തർ ബക്ത്. ഗവർണ്ണറായി ഈ സംസ്ഥാനത്ത് വന്നശേഷമാണ് ഞങ്ങൾക്കൊക്കെ അദ്ദേഹവുമായി പരിചയപ്പെടാൻ സന്ദർഭം ലഭിച്ചത്. അടുത്തുചെന്ന് പരിചയപ്പെട്ട ആർക്കുംതന്നെ അദ്ദേഹത്തിന്റെ വശ്യമായ പെരുമാറ്റ രീതിയും കുലീനതയും എളുപ്പം ബോധ്യപ്പെടും. ഏത് അതിഥിയാണെങ്കിലും വളരെ ആദരവോടുകൂടി, അതിസ്റ്റോക്രാറ്റിക്കായി ഒരു തരത്തിൽ അതിഥിയെ ബഹുമാനിക്കുന്ന കാര്യത്തിൽ ഉന്നത നിലവാരം പുലർത്തിക്കൊണ്ട്, പറയുന്ന കാര്യങ്ങൾ വളരെ ശ്രദ്ധയോടുകൂടി കേൾക്കും. അതാണ് അദ്ദേഹവുമായി ഇടപെട്ടപ്പോഴെല്ലാം എനിക്ക് തോന്നിയിട്ടുള്ളത്. എപ്പോഴും അദ്ദേഹം എല്ലാ കാര്യവും വളരെ സൂക്ഷ്മതയോടുകൂടി സിസ്റ്റമാറ്റിക്കായി മുറപ്രകാരം യാതൊരു ധൃതിയും ഇല്ലാതെ നേരാംവണ്ണം നടത്തുന്നതിന് വളരെയധികം നിർബന്ധബുദ്ധിക്കാരനായിരുന്നുവെന്ന് എനിക്ക് തോന്നിയിട്ടുണ്ട്. ഗവൺമെന്റിനെ സംബന്ധിച്ച കാര്യങ്ങൾ, അതുപോലെതന്നെ വികസന കാര്യങ്ങൾ ഒക്കെതന്നെ ഒന്നിലേറെ പ്രാവശ്യം വിശദമായി സംസാരിക്കുവാൻ എനിക്ക് സന്ദർഭം കിട്ടിയിട്ടുണ്ട്. നിങ്ങളുടെ ശ്രമങ്ങളൊക്കെ കൊള്ളാം, അതിൽ ഇന്ന ന്യൂനതകളുണ്ട്,

LIBRARY ARCHIVES Kerala Legislative Assembly

ഒന്നുകൂടി കാര്യങ്ങൾ ശ്രദ്ധിക്കണം എന്നൊക്കെ വികസന കാര്യങ്ങളിൽ, പ്രത്യേകിച്ച് വ്യവസായവൽക്കരണത്തിന്റെ കാര്യങ്ങളിൽ അദ്ദേഹം വളരെ കാര്യമായ ചില അഭിപ്രായങ്ങൾ പ്രകടിപ്പിച്ചിരുന്നത് ഞാൻ ഇപ്പോഴും ഓർക്കുകയാണ്. ദേശീയ ഗാനാലാപനത്തെക്കുറിച്ച് ബഹുമാനപ്പെട്ട സ്പീക്കർ സൂചിപ്പിക്കുകയുണ്ടായി. പദവിയുടെ പ്രോട്ടോക്കോളും ഭരണത്തിന്റെ പവിത്രതയും അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം വലിയൊരു വിഷയമായിരുന്നു. ഒരു ദേശീയ നേതാവിന്റെ എല്ലാ ഗുണങ്ങളും, ആദ്യകാല നേതാക്കന്മാരുടെ ഗുണവും അദ്ദേഹത്തിൽ എപ്പോഴും നിറഞ്ഞുനിന്നിരുന്നു. രാജ്യത്തിന്റെ കാര്യത്തിൽ, സംസ്ഥാനത്തിന്റെ കാര്യത്തിൽ, നിയമത്തോടും അതുപോലെ സിസ്റ്റത്തോടുമുള്ള വലിയ പ്രതിബദ്ധത ആ വ്യക്തിത്വത്തിന്റെ ഒരു ഭാഗമായിരുന്നു. എന്തെങ്കിലുമൊക്കെ ചെയ്യുന്ന ഒരു രീതി അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ഉണ്ടായിരുന്നില്ല. എല്ലാ കാര്യങ്ങളും അദ്ദേഹം നോക്കിയാണ് ചെയ്തിരുന്നത് എന്ന് നേരത്തേ ഇവിടെ പറഞ്ഞത് വളരെ ശരിയാണ്. ഈ സംസ്ഥാനത്തിന്റെ ഗവർണറായിരുന്ന അദ്ദേഹത്തെക്കുറിച്ച് നമുക്കൊക്കെ വളരെ നല്ല ഓർമ്മയാണുള്ളത്. അദ്ദേഹത്തിന്റെ അവസാനകാലം വളരെ വേദനാജനകമായിരുന്നു. എന്തുതന്നെയായാലും എല്ലാവരും ദുഃഖിച്ച ഒരു സംഭവമായിരുന്നു അദ്ദേഹത്തിന്റെ ആകസ്മിക മരണം. ഒരു പക്ഷേ അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം പ്രതീക്ഷിക്കാത്ത ഒരു ഘട്ടത്തിൽ പ്രതീക്ഷിക്കാത്ത വിധം വന്നതാണ്. വല്ലാത്ത വേദനയുളവാക്കുന്ന രീതിയിലാണ് ചികിൽസയ്ക്കിടയിൽ അദ്ദേഹം മരിച്ചുപോയത്. അദ്ദേഹത്തിന്റെ ദേഹവിയോഗത്തിൽ നമുക്കെല്ലാവർക്കുമുള്ള വേദന ഈ സന്ദർഭത്തിൽ പ്രകടിപ്പിക്കുന്നു. ഇവിടെ പ്രകടിപ്പിച്ച എല്ലാ വികാരങ്ങളോടും യോജിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. കെ. പി. രാജേന്ദ്രൻ:</u> സർ, അങ്ങും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും നേതാക്കന്മാരുമെല്ലാം പ്രകടിപ്പിച്ച അഭിപ്രായങ്ങളോട് ഞാൻ പൂർണ്ണമായി യോജിക്കുകയാണ്. ജീവിതത്തിന്റെ അവസാനം വരെ എല്ലാ രംഗത്തും അദ്ദേഹത്തിന്റെ പ്രവർത്തനമേഖലകളിലൊക്കെ ആദർശവും പ്രതിബദ്ധതയും വിശുദ്ധിയുമെല്ലാം കാത്തുസൂക്ഷിക്കാൻ ശ്രദ്ധിച്ച, അതുകൊണ്ടുതന്നെ എല്ലാവരുടേയും സ്നേഹാദര ബഹുമാനങ്ങൾ ഏറ്റുവാങ്ങാൻ കഴിഞ്ഞ ഒരു ഉന്നതനായ രാഷ്ട്രീയ നേതാവായിരുന്നു ബഷീർ. ദേശീയപ്രസ്ഥാന കാലഘട്ടത്തിൽ കോൺഗ്രസ് പാർട്ടിയിലൂടെ കിട്ടിയ അനുഭവസമ്പത്ത്, പിന്നീട് അദ്ദേഹം പ്രവർത്തിച്ച സംഘടനാ കോൺഗ്രസ്സിലും ജനതാപാർട്ടിയിലും ബി.ജെ.പി.-യിലുമൊക്കെ പ്രവർത്തിക്കുന്ന സന്ദർഭങ്ങളിലായാലും അദ്ദേഹം വഹിച്ച സ്ഥാനങ്ങൾ, അതു വഹിച്ചുകൊണ്ടുപോകുന്ന സന്ദർഭങ്ങളിലൊക്കെ ഉയർന്ന ഒരു നേതാവിന്റെ എല്ലാ തരത്തിലുമുള്ള പ്രവർത്തനങ്ങളിൽ അതു കാത്തുസൂക്ഷിക്കാൻ, മറ്റുള്ളവർക്ക് ഒരു മാതൃകയായി തന്റെ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ എല്ലാ സന്ദർഭങ്ങളിലും അദ്ദേഹം ശ്രദ്ധിച്ചിട്ടുണ്ട് എന്നു കാണാൻ കഴിയും. അങ്ങിവിടെ സൂചിപ്പിച്ചതുപോലെ, അദ്ദേഹം ഗവർണറായി വന്ന ശേഷം ദേശഭക്തി ഗാനം ആലപിക്കുന്നതുമായി ബന്ധപ്പെട്ട് ചില വാർത്തകൾ, പത്രങ്ങളിലൊക്കെ വന്നതാണ്. നമ്മുടെ സഭയിൽ തന്നെ നല്ലൊരു കീഴ്വഴക്കത്തിന് അദ്ദേഹം തുടക്കം കുറിച്ചു. അങ്ങ് അക്കാര്യം ഇവിടെ ചൂണ്ടിക്കാണിച്ചു. അദ്ദേഹത്തിന്റെ ദേശഭക്തിയും ദേശത്തോടുള്ള സ്നേഹവും രാജ്യത്തോടുള്ള അചഞ്ചലമായ കൂറുമൊക്കെയാണ് അതിലൂടെ പ്രകടമാകുന്നത്. അതുപോലെ ഗവർണറായി വന്ന സന്ദർഭത്തിൽ ഔപചാരികതകളും പ്രോട്ടോക്കോളും പല തരത്തിലുള്ള ഗവർണറുടെ

LIBRARY ARCHIVES Kerala Legislative Assembly

പദവികളുമൊക്കെ നിലനിൽക്കുമ്പോഴും ജനങ്ങളുമായി നല്ല സൗഹാർദ്ദം കാത്തുസൂക്ഷിക്കുവാനും അത് വച്ചുപുലർത്തുവാനും ശ്രമിച്ചിട്ടുണ്ട് എന്ന കാര്യവും ഇവിടെ പലരും നേരത്തെ പ്രകടിപ്പിച്ചു. പ്രതിപക്ഷ നേതാവിനോടൊപ്പം പ്രതിപക്ഷകക്ഷി നേതാക്കളെല്ലാവരും കൂടി ഗവർണറെ കാണാൻ പോയ സന്ദർഭത്തിൽ ഞങ്ങളുമായി കുറേ സമയം അദ്ദേഹം സംസാരിച്ചു. കേരളത്തെക്കുറിച്ച് കേരളത്തിന്റെ സംസ്കാരത്തെക്കുറിച്ച്, ടൂറിസത്തെക്കുറിച്ച്, ആയുർവ്വേദത്തെക്കുറിച്ചൊക്കെ അദ്ദേഹം സംസാരിക്കുകയുണ്ടായി. പഴയ പല കൂട്ടുകാരെക്കുറിച്ചും അദ്ദേഹം പറയുകയുണ്ടായി. ബഹുമാനപ്പെട്ട മന്ത്രി ശങ്കരനാരായണനെക്കുറിച്ചും ശ്രീ. സി. കെ. നാണുവിനെക്കുറിച്ചും അദ്ദേഹത്തിന്റെ പഴയകാല സഹപ്രവർത്തകരായിരുന്നവരെക്കുറിച്ചുമൊക്കെ അന്ന് അദ്ദേഹം സൂചിപ്പിച്ചത് ഞാൻ ഓർക്കുകയാണ്. നമ്മുടെ സംസ്ഥാനത്തോട് ഏറ്റവും നല്ല ബന്ധം വച്ചുപുലർത്തിയ ഒരു വ്യക്തികൂടിയാണ് അദ്ദേഹം. നിയമപരമായ കാര്യങ്ങളിൽ ഗവർണറുടെ സ്ഥാനത്തിരുന്നുകൊണ്ട്, പ്രത്യേകിച്ച് ഭരണപരമായി ബന്ധപ്പെട്ട വിഷയങ്ങളിൽ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ സൂചിപ്പിച്ചതുപോലെ സർവ്വകലാശാലാ ബിൽ, വനം ബിൽ എന്നിവ വന്ന സന്ദർഭത്തിലൊക്കെ ഒരു ഗവർണറുടെ ചുമതല വഹിക്കുന്ന ഉന്നതമായ പദവിയിലിരിക്കുന്ന വ്യക്തി എന്ന നിലയിൽ അദ്ദേഹം ചില അഭിപ്രായങ്ങൾ പ്രകടിപ്പിച്ചതും ശ്രദ്ധിക്കപ്പെട്ട ഒന്നാണ്. ബഹുമാനപ്പെട്ട സ്പീക്കർ സൂചിപ്പിച്ചതുപോലെ, അദ്ദേഹം അവസാനമായി നമ്മുടെ സഭയിൽ വന്ന് കുറേയധികം സമയം സംസാരിച്ചു. നല്ല ആരോഗ്യവും പ്രസരിപ്പുമായിരുന്നു. അദ്ദേഹത്തിന്റെ പുഞ്ചിരിയും അദ്ദേഹം മടങ്ങിപ്പോകുന്നതുമെല്ലാം നമ്മുടെയെല്ലാവരുടേയും മനസ്സിലുണ്ട്. അദ്ദേഹത്തിന്റെ പെട്ടെന്നുണ്ടായ അന്ത്യത്തെക്കുറിച്ച് വന്ന ചില വാർത്തകൾ വിവാദങ്ങളുമുണ്ടാക്കി. അതു നമ്മളെയൊക്കെ വേദനിപ്പിച്ചതാണ്. അത്തരം അനുഭവങ്ങളൊന്നും ഉണ്ടാകാൻ പാടില്ലാത്തതാണ്. ഞാൻ ദീർഘിപ്പിക്കുന്നില്ല. ഇവിടെ പ്രകടിപ്പിച്ച എല്ലാ അഭിപ്രായങ്ങളോടും യോജിച്ചുകൊണ്ട് ആ മഹാനായ നേതാവിന്റെ പാവനസ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് ഈ ദുഃഖത്തിൽ പങ്കു ചേർന്നുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, അന്തരിച്ച സിക്കന്തർ ബക്തിനെ സംബന്ധിച്ച് അങ്ങും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രകടിപ്പിച്ച വികാരങ്ങളോട് ഞാനും യോജിക്കുകയാണ്. കേരളത്തിൽ അധികാരത്തിലിരുന്ന ഗവർണ്ണർമാരിൽ ഏറ്റവും ജനകീയനായ ഒരു ഗവർണ്ണറായിരുന്നു സിക്കന്തർ ബക്ത് എന്ന് സൂചിപ്പിക്കാൻ എനിക്ക് പ്രത്യേക താൽപ്പര്യമുണ്ട്. അദ്ദേഹത്തിന് രണ്ടു-മൂന്ന് സവിശേഷതകളുണ്ട്. ഒന്ന്, ഇൻഡ്യൻ പ്രസിഡന്റിന്റെ അപൂർവ്വ ബഹുമതിയായ പത്മവിഭൂഷൺ ലഭിച്ച ഗവർണ്ണറായിരുന്നു അദ്ദേഹം. രണ്ട്, പദവിയിലിരിക്കുമ്പോൾ തന്നെ വിട്ടുപിരിഞ്ഞ ഒരു ഗവർണ്ണറായിരുന്നു സിക്കന്തർ ഭക്ത്. കേരള ജനതയുടെ ഹൃദയം കവരാൻ കഴിഞ്ഞ ഒരു വ്യക്തിയായിരുന്നു സിക്കന്തർ ബക്ത്. പല സവിശേഷതകളിൽ ഏറ്റവും പ്രധാനമായിട്ടുള്ളത് അദ്ദേഹത്തിന്റെ നിഷ്ക്കളങ്കതയായിരുന്നു. പൊട്ടിച്ചിരിച്ചുകൊണ്ടാണ് അദ്ദേഹം എപ്പോഴും വരുന്നത്. ആരെ കണ്ടാലും പൊട്ടിച്ചിരിക്കും, കെട്ടിപ്പിടിക്കും. അതെല്ലാം അദ്ദേഹത്തിന്റെ ഹൃദയനൈർമ്മല്യമാണ് സൂചിപ്പിക്കുന്നത്. സാധാരണ ഗവർണർമാർ വന്നാൽ, റോയലായിട്ട് ഡയസിലേയ്ക്ക് പോകും. എന്നാൽ ജനുവരിയിൽ നിയമസഭയിലേയ്ക്ക് വന്ന സിക്കന്തർ ഭക്ത് അങ്ങോട്ടുമിങ്ങോട്ടും നോക്കി, കൈ വീശി, വേഗതയിൽ ഡയസിലേയ്ക്ക് നടന്നുകയറുന്ന

LIBRARY ARCHIVES Kerala Legislative Assembly

ഒരു ഗവർണ്ണറെയാണ് നമ്മൾ കണ്ടത്. എത്രയോ സിംപിളാണ്. എന്തു നല്ല ഹൃദയ നൈർമ്മല്യമാണ്. ആ സവിശേഷതയാണ് എപ്പോഴും നമ്മളെ സ്പർശിക്കുന്നത്. ഇവിടെ ദേശീയഗാനത്തെ സംബന്ധിച്ച് അങ്ങ് സൂചിപ്പിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ ദേശഭക്തിയെപ്പറ്റിയും പത്രങ്ങളിൽ വന്ന റിപ്പോർട്ടുകളെപ്പറ്റിയും ശ്രീ. കെ. പി. രാജേന്ദ്രൻ ഇവിടെ സൂചിപ്പിച്ചു. ഒരു ദിവസം അദ്ദേഹം പ്രസംഗിച്ചു കൊണ്ടിരുന്ന വേദിയിൽ ദേശീയഗാനം കാസറ്റിലാണ് കേൾപ്പിച്ചത്. പെട്ടെന്ന് ഇലക്ട്രിക് കണക്ഷൻ പോയപ്പോൾ പവർ ഫെയിലുവർ വന്ന് ഗാനം നിന്നുപോയി. അത് അദ്ദേഹത്തെ ചൊടിപ്പിച്ചു. മൈക്ക് മാറ്റി വയ്ക്കാൻ പറഞ്ഞിട്ട് അദ്ദേഹം തന്നെ ദേശീയഗാനം ആലപിച്ചപ്പോൾ സദസ്സ് മുഴുവൻ ദേശീയ ഗാനാലാപനത്തിൽ മുഴുകിപ്പോയി. അത് വലിയൊരു സംഭവമായി പത്രങ്ങൾ റിപ്പോർട്ട് ചെയ്യുകയുണ്ടായി. കനകക്കുന്നിൽ ഒരു യോഗത്തിൽ വച്ച് ഗാനം ആലപിച്ചത് തെറ്റിപ്പോയി. അദ്ദേഹം ഉടനെ ക്ഷുഭിതനായി. അദ്ദേഹം എണീറ്റ് ദേശീയഗാനം ആലപിച്ചു. കഴിഞ്ഞ ജനുവരിയിൽ പാലായ്ക്കു സമീപം നടന്ന ഒരു യോഗത്തിൽ അദ്ദേഹം വന്നപ്പോൾ രണ്ടു പെൺകുട്ടികൾ നല്ല ഭംഗിയായി ദേശീയഗാനം ആലപിച്ചപ്പോൾ അദ്ദേഹം പരസ്യമായി അവരെ വിളിച്ച് കയ്യിലിരുന്ന പൂച്ചെണ്ട് അവർക്കു കൊടുത്തുകൊണ്ട് അവരെ അനുഗ്രഹിച്ച കാര്യവും പത്രങ്ങൾ റിപ്പോർട്ട് ചെയ്യുകയുണ്ടായി. ഇതൊക്കെ സൂചിപ്പിക്കുന്നത് അദ്ദേഹത്തിന്റെ ദേശഭക്തിയെയാണ്. അദ്ദേഹത്തിന് കലാഹൃദയമാണുണ്ടായിരുന്നത്. ആ നിലയിലൊക്കെ സവിശേഷതകൾ നിറഞ്ഞ ജീവിതമായിരുന്നു സിക്കന്തർ ബക്തിന്റേത്. പൊതുപ്രവർത്തന രംഗത്ത്, പ്രത്യേകിച്ച് അദ്ദേഹം ഒരു നയതന്ത്രജ്ഞനായിരുന്നു, ഭരണാധികാരിയായിരുന്നു, എല്ലാ നിലകളിലും അദ്ദേഹത്തിന്റെ നിര്യാണം ഒരു നഷ്ടമാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം വളരെ ദുഃഖത്തോടു കൂടി മാത്രമാണ് നമ്മൾ അദ്ദേഹത്തിന്റെ നിര്യാണത്തെ നോക്കിക്കാണുന്നത്. അദ്ദേഹത്തിന്റെ പാവനസ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു, എന്റെയും എന്റെ പാർട്ടിയുടേയും അനുശോചനം രേഖപ്പെടുത്തുന്നു.

ശ്രീ. സി. കെ. നാണു: സർ, മുൻ ഗവർണർ സിക്കന്തർ ബക്തിന്റെ ദേഹവിയോഗത്തിൽ ബഹുമാനപ്പെട്ട അങ്ങും സഭാ നേതാവും പ്രതിപക്ഷ ഉപനേതാവും മറ്റു ബഹുമാനപ്പെട്ട കക്ഷി നേതാക്കന്മാരും പ്രകടിപ്പിച്ച അഭിപ്രായങ്ങളോട് ഞാനും യോജിക്കുന്നു. കേരളത്തിൽ ശ്രീ. അശോക് മേത്ത സംഘടനാ കോൺഗ്രസ്സിന്റെ പ്രസിഡന്റായിരുന്ന കാലത്ത് അനേകം പരിപാടികൾക്ക് അദ്ദേഹം കേരളത്തിൽ വന്നിരുന്നു. 1973-74 കാലം മുതൽ 77 വരെ ഇൻഡ്യയിൽ ഉണ്ടായ പ്രധാനപ്പെട്ട രാഷ്ട്രീയ സംഭവവികാസങ്ങളിൽ ഡൽഹി കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഒരു നേതാവെന്ന നിലയ്ക്ക് സുപ്രധാനമായ പങ്ക് ആ പ്രക്ഷോഭങ്ങളിലെല്ലാം വഹിക്കാൻ സിക്കന്തർ ബക്തിന് സാധിച്ചു. അതു കഴിഞ്ഞ് കേന്ദ്രത്തിൽ, ജനതാപാർട്ടിയെ പ്രതിനിധീകരിച്ച് പ്രധാനപ്പെട്ട വകുപ്പുകൾ കൈകാര്യം ചെയ്ത ഒരു മന്ത്രി എന്ന നിലയ്ക്ക് അദ്ദേഹം നല്ല നിലയിൽ പ്രവർത്തിച്ചു. കേരളത്തിൽ ഗവർണറായി വന്നശേഷം ഒന്നു-രണ്ടു പ്രാവശ്യം കാണാൻ അവസരമുണ്ടായപ്പോൾ ഒരു കാര്യത്തിൽ അദ്ദേഹം വളരെ നിർബന്ധം പിടിക്കുന്നതായി എനിക്ക് മനസ്സിലാക്കാൻ സാധിച്ചു. ഒരു ഗവർണ്ണറായി വന്നശേഷം 100 ശതമാനവും നിഷ്പക്ഷനായ ഒരു ഗവർണ്ണറായിരുന്നു അദ്ദേഹം. കഴിഞ്ഞ കാലത്തെ ഒരു രാഷ്ട്രീയനേതാവ് എന്ന നിലയ്ക്കുള്ള, ആ സ്വാധീനത്തേക്കാൾ ഉപരി ഗവർണ്ണർ പദവിയോട് പുലർത്തേണ്ട മാന്യത പരിപൂർണ്ണമായി പുലർത്താൻ തീരുമാനിച്ച

LIBRARY ARCHIVES Kerala Legislative Assembly

ഒരു ഗവർണ്ണറെയാണ് അദ്ദേഹത്തിലൂടെ കാണാൻ സാധിച്ചത്. അദ്ദേഹവുമായി അടുത്ത പരിചയമുള്ള മുഖ്യമന്ത്രി പറഞ്ഞതുപോലെ ജീവിതത്തിൽ പല തരത്തിലുള്ള പ്രത്യേകതകളുള്ള ബഹുമാനപ്പെട്ട സിക്കന്തർ ബക്തിന്റെ വിയോഗത്തിൽ സഭാംഗങ്ങൾ പ്രകടിപ്പിച്ച വികാരങ്ങളോട് യോജിച്ചുകൊണ്ട് അനുശോചനത്തിൽ പങ്കുചേരുന്നു.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): സർ, കേരള ഗവർണ്ണറായിരുന്ന സിക്കന്തർ ബക്തിന്റെ നിര്യാണത്തിൽ അങ്ങും സഭാനേതാവും മറ്റു നേതാക്കളും പ്രകടിപ്പിച്ച അഭിപ്രായങ്ങളോട് ഞാനും യോജിക്കുന്നു. 9.30 A.M.] അദ്ദേഹത്തിന്റെ പെട്ടെന്നുണ്ടായ നിര്യാണത്തിൽ കേരളത്തിലേയും ഇന്ത്യയിലേയും ജനങ്ങൾക്കുള്ള ദുഃഖത്തിലും അദ്ദേഹത്തിന്റെ കുടുംബത്തിന്റെ ദുഃഖത്തിലും ഞാനും എന്റെ പാർട്ടിയും പങ്കുചേരുന്നു. അദ്ദേഹത്തിന്റെ പാവനസ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

ശ്രീ. എ. എ. അസീസ്: കേരളാ ഗവർണ്ണറായിരിക്കെ അന്തരിച്ച സിക്കന്തർ ബക്തിന്റെ നിര്യാണത്തെ സംബന്ധിച്ച് ബഹുമാന്യനായ സ്പീക്കറും സഭാനേതാവും മറ്റു കക്ഷി നേതാക്കന്മാരും പ്രകടിപ്പിച്ച വികാരങ്ങളോട് ഞാൻ യോജിക്കുകയാണ്. സിക്കന്തർ ബക്ത് ഇന്ത്യൻ രാഷ്ട്രീയ രംഗത്തെ എല്ലാ പരീക്ഷണ ശാലയിലും തിളങ്ങിയ ഒരു അതികായനായ നേതാവായിരുന്നു. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിലൂടെ അദ്ദേഹം രാഷ്ട്രീയ പ്രവർത്തനം ആരംഭിച്ചു. കോൺഗ്രസ്സിൽ ഭിന്നിപ്പുണ്ടായപ്പോൾ സംഘടനാ കോൺഗ്രസ്സിൽ വന്നു, സംഘടനാ കോൺഗ്രസ്സിൽ നിന്നും 1977-ൽ ജനതാ പാർട്ടിയിലും പിന്നീട് രാജ്യത്തുണ്ടായ രാഷ്ട്രീയ മാറ്റമനുസരിച്ച് ഭാരതീയ ജനതാ പാർട്ടിയിലും അങ്ങനെ എല്ലാ പരീക്ഷണ ശാലകളിലും പങ്കെടുത്ത ഒരു നേതാവായിരുന്നു. ഭരണ മംഗത്ത് അദ്ദേഹം കൈകാര്യം ചെയ്ത വകുപ്പുകളെല്ലാം വളരെ സ്തുത്യർഹമായ നിലയിൽ, പ്രശംസ അർഹിക്കുന്ന നിലയിൽ കൈകാര്യം ചെയ്തിട്ടുള്ള അറിയപ്പെടുന്ന ഒരു നേതാവായിരുന്നു. ലാളിത്യമാർന്ന ജീവിതം നയിച്ചുപോന്ന അദ്ദേഹത്തിന്റെ കുടുംബജീവിതംതന്നെ ഒരു മാതൃകയായിരുന്നു. യഥാർത്ഥത്തിൽ കേരള ഗവർണ്ണറായിരിക്കെയുള്ള അദ്ദേഹത്തിന്റെ അന്ത്യം കേരള ജനതയെ സംബന്ധിച്ചിടത്തോളം ഞെട്ടിപ്പിച്ചതും കേരള ജനതയ്ക്ക് പ്രത്യേകമായി ദുഃഖമുണ്ടാക്കിയതുമാണ്. അദ്ദേഹത്തിന്റെ നിര്യാണത്തിൽ സഭയിലെ നേതാക്കന്മാർ പ്രകടിപ്പിച്ച അഭിപ്രായങ്ങളോട് യോജിക്കുകയും അദ്ദേഹത്തിന്റെ നിര്യാണം മൂലമുണ്ടായിട്ടുള്ള നഷ്ടത്തിലും അനുശോചനം രേഖപ്പെടുത്തുകയും ചെയ്യുന്നു. അദ്ദേഹത്തിന്റെ സ്മരണയ്ക്കുമുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, പദവിയിലിരിക്കെ മരണപ്പെടുന്ന ആദ്യത്തെ കേരള ഗവർണ്ണറായ സിക്കന്തർ ബക്തിന് നമ്മളിന്ന് ആദരാഞ്ജലികൾ അർപ്പിക്കുകയാണ്. ദീർഘകാലം ഇന്ത്യൻ രാഷ്ട്രീയത്തിൽ നിറഞ്ഞുനിന്ന ഒരു ബഹുമുഖ പ്രതിഭയായിരുന്നു അദ്ദേഹമെന്ന് ഇവിടെ സൂചിപ്പിച്ചുകഴിഞ്ഞു. അദ്ദേഹം വിവിധ രംഗങ്ങളിൽ തന്റെ പ്രാഗത്ഭ്യം തെളിയിക്കുകയും ചെയ്തിട്ടുണ്ട്. ചെറിയ സഭകളിലും ഭാരതത്തിന്റെ പരമോന്നത സഭകളിലും അംഗമായിരിക്കാനുള്ള അവസരം രാഷ്ട്രീയ രംഗത്ത് അദ്ദേഹത്തിനുണ്ടായിട്ടുണ്ട്. 10 വർഷക്കാലത്തോളം ഡൽഹി മെട്രോപ്പൊളിറ്റൻ കൗൺസിലിൽ അംഗമായും അദ്ദേഹം പ്രവർത്തിച്ചത് ഈ സന്ദർഭത്തിൽ നാം

LIBRARY ARCHIVES Kerala Legislative Assembly

സ്മരിക്കേണ്ടതാണ്. താഴ്ന്ന തലം മുതൽ ഉന്നതങ്ങളിൽ വരെ പല പദവികളിൽ പ്രവർത്തിക്കാനുള്ള അവസരം അദ്ദേഹത്തിനുണ്ടായി. ഇന്ത്യാ രാജ്യത്ത് ഒരു മന്ത്രി എന്നുള്ള നിലയിൽ അദ്ദേഹം സ്വീകരിച്ചിട്ടുള്ള ഭരണപരിഷ്ക്കാരങ്ങളും അദ്ദേഹം ഭരണ രംഗത്ത് കൊണ്ടുവന്ന പ്രത്യേകതകളുമെല്ലാം ഇന്നും രാഷ്ട്രം വളരെ നന്ദിയോടുകൂടി സ്മരിക്കുന്നുണ്ട്. അദ്ദേഹം മികച്ച ഒരു ഭരണാധികാരിയായിരുന്നു, അതിലേറെ അദ്ദേഹത്തെ ഭാരതം ആദരിക്കുന്നത് മികച്ച പാർലമെന്റേറിയനായിട്ടാണ്. 1990 മുതൽ ഇവിടെ ഗവർണ്ണറായി വരുന്നതിന്റെ തലേദിവസംവരെ, സുദീർഘമായ ഒരു കാലഘട്ടം അദ്ദേഹം രാജ്യസഭയിൽ ഒരു മികച്ച പാർലമെന്റേറിയനെന്നുള്ള നിലയിൽ തന്റെ കഴിവുകൾ തെളിയിച്ചിട്ടുണ്ട്. കേരളത്തിൽ ഗവർണ്ണറായി വന്നതിനുശേഷം അദ്ദേഹത്തോടൊപ്പം പല ചടങ്ങുകളിലും പങ്കെടുക്കാൻ എനിക്ക് കഴിഞ്ഞിട്ടുണ്ട്. തിരുവനന്തപുരത്ത് ഒന്നുരണ്ട് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ചടങ്ങിൽ പങ്കെടുത്തപ്പോൾ ഇന്ത്യൻ വിദ്യാഭ്യാസ രംഗത്തെക്കുറിച്ചും വിദ്യാഭ്യാസ മേഖലയെക്കുറിച്ചുമൊക്കെയുള്ള അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ വേദിയിലിരുന്നു കേൾക്കാനുള്ള ഭാഗ്യം എനിക്കുണ്ടായി. ദേശീയമായ ഒരു കാഴ്ചപ്പാടോടുകൂടി രാജ്യത്തെ മുന്നോട്ടു നയിക്കാൻ എപ്പോഴും താല്പര്യം കാണിച്ച ഒരു വ്യക്തിയായിരുന്നു അദ്ദേഹമെന്നുള്ളത് അദ്ദേഹത്തിന്റെ ആ പ്രസംഗത്തിൽ നിന്നും കേരള ജനതയ്ക്കും ഇന്ത്യൻ ജനതയ്ക്കും ബോധ്യമായിട്ടുണ്ട്. രാഷ്ട്രം അദ്ദേഹത്തെ പത്മവിഭൂഷൺ പദവി നൽകി ആദരിച്ചു. അധികമാളുകൾക്ക് അറിയാൻ പാടില്ലാത്ത ഒരു സംഗതിയാണത്. അങ്ങനെ രാഷ്ട്രത്തിന്റെ ആദരവും രാജ്യത്തെ ജനങ്ങളുടെ ആദരവും പിടിച്ചുപറ്റാൻ കഴിഞ്ഞ പ്രമുഖനായ ആ നേതാവ് നമ്മുടെ സംസ്ഥാനത്തിന്റെ ഗവർണ്ണർ പദവിയിലെത്തി, വളരെ മാന്യമായ പെരുമാറ്റത്തിലൂടെ എല്ലാ അംഗങ്ങളുടേയും ജനങ്ങളുടേയും പ്രതീക്ഷയ്ക്കൊത്ത് ഉയരാൻ കഴിഞ്ഞ അദ്ദേഹത്തിന്റെ ദേഹവിയോഗം തീർച്ചയായിട്ടും നമുക്കെല്ലാവർക്കും ദു:ഖമുണ്ടാക്കിയതാണ്. അദ്ദേഹത്തിന്റെ സന്തപ്ത കുടുംബാംഗങ്ങളുടെ ദു:ഖത്തിൽ നമുക്കും പങ്കുചേരാം, അദ്ദേഹത്തിന്റെ ആത്മാവിന്റെ നിത്യശാന്തിക്കായി പ്രാർത്ഥിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ഡോ. കെ. സി. ജോസഫ്: സർ, അന്തരിച്ച ഗവർണ്ണർ സിക്കന്തർ ബക്തിന്റെ ദേഹവിയോഗത്തിൽ അനുശോചിച്ചുകൊണ്ട് അങ്ങും സഭാനേതാവും കക്ഷിനേതാക്കളും പ്രകടിപ്പിച്ച വികാരങ്ങളോട് ഞാൻ പൂർണ്ണമായും യോജിക്കുന്നു. ചുരുങ്ങിയ കാലംകൊണ്ട് ഗവർണ്ണർ പദവിയിലൂടെ കേരളത്തിലെ ജനങ്ങളെ മുഴുവൻ തന്നിലേയ്ക്ക് ആകർഷിക്കുവാൻ ലാളിത്യമാർന്ന ജീവിതരീതിയും വിനയാന്വിതമായ പ്രവർത്തനങ്ങളും സമൂഹത്തോട് പ്രതിബദ്ധതയോടു കൂടിയുള്ള സമീപനങ്ങളും കൊണ്ട് അദ്ദേഹത്തിനു കഴിഞ്ഞു എന്നുള്ളത് ഏറ്റവും ശ്രദ്ധയാകർഷിക്കുന്ന ഒരു കാര്യമാണ്. മൂല്യാധിഷ്ഠിത രാഷ്ട്രീയ പ്രവർത്തനത്തിലൂടെ പൊതുപ്രവർത്തകർക്ക് ഉത്തമമാതൃകയായി മാറുവാൻ കഴിഞ്ഞ അദ്ദേഹത്തിന്റെ ദേഹവിയോഗം ഉത്തമമായ സാമൂഹ്യ പ്രവർത്തനരംഗത്ത് വലിയ നഷ്ടമാണ് വരുത്തിയിട്ടുള്ളതെന്ന് ഞാൻ ഓർക്കുന്നു. അദ്ദേഹത്തിന്റെ ദേഹവിയോഗത്തിൽ ഈ സഭ പ്രകടിപ്പിച്ച എല്ലാ വികാരങ്ങളോടും യോജിച്ചുകൊണ്ടും അദ്ദേഹത്തിന്റെ സന്തപ്ത കുടുംബാംഗങ്ങളോട് അനുശോചനം രേഖപ്പെടുത്തിക്കൊണ്ടും അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തി നേർന്നുകൊണ്ടും എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, അന്തരിച്ച നമ്മുടെ മുൻ ഗവർണ്ണർ സിക്കന്തർ ബക്തിന്റെ നിര്യാണത്തിൽ അങ്ങും സഭയിലെ കക്ഷിനേതാക്കളും പ്രകടിപ്പിച്ച വികാരങ്ങളോട് ഞാനും എന്റെ കക്ഷിയും യോജിക്കുകയാണ്. കുറച്ചു സമയംകൊണ്ട് കേരളത്തിൽ ഗവർണ്ണറായിരിക്കാനും ഏറ്റവും ജനകീയനായ ഒരു ഗവർണ്ണറായി മാറാനും അദ്ദേഹത്തിനു കഴിഞ്ഞു. തന്റെ പെരുമാറ്റത്തിലെ ലാളിത്യം കൊണ്ടും അതുപോലെ ഭരണകാര്യങ്ങളിലും ദേശീയ താല്പര്യങ്ങളുടെ കാര്യത്തിലും കർശനമായ സ്വഭാവം പ്രകടിപ്പിച്ചുകൊണ്ടും നമ്മുടെയെല്ലാം ആദരവ് പിടിച്ചുപറ്റാൻ കഴിഞ്ഞ ഒരു മഹദ് വ്യക്തിയായി അദ്ദേഹത്തിന് മാറാൻ കഴിഞ്ഞു. രാജ്ഭവനിലേയ്ക്ക് സാധാരണ ക്കാരുടെ പ്രവേശനം വളരെ പരിമിതമാണ്. പലപ്പോഴും ഒരു സാധാരണക്കാരൻ ഗവർണ്ണറെ അപ്രോച്ച് ചെയ്യാൻ മടി കാണിക്കാറുണ്ട്. പക്ഷേ അതിൽനിന്നെല്ലാം വ്യത്യസ്തമായി ഒരു സാധാരണ രാഷ്ട്രീയ പ്രവർത്തകനും സാമൂഹ്യ പ്രവർത്തകനും എപ്പോഴും സമീപിക്കാൻ കഴിയുന്ന ഒരു ഗവർണ്ണറെന്ന പേരുകൂടി അദ്ദേഹം നേടിയെടുത്തു. അദ്ദേഹവുമായി വളരെ അടുത്തിടപഴകാൻ കഴിഞ്ഞിട്ടില്ലെങ്കിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആദ്യമായി എന്നെ അദ്ദേഹത്തിന് പരിചയപ്പെടുത്തി കൊടുത്തപ്പോൾ, ഞാൻ ഒരു കലാകാരനാണെന്നുകൂടി പറഞ്ഞപ്പോൾ അദ്ദേഹം എന്നെ വാൽസല്യത്തോടുകൂടി ആശ്ലേഷിച്ചത് ഞാൻ ഓർക്കുന്നു. വളരെ വർഷത്തെ പരിചയം നമ്മളോടുണ്ടായിരുന്നുവെന്ന് തോന്നത്തക്ക രീതിയിലുള്ള അദ്ദേഹത്തിന്റെ പെരുമാറ്റം വളരെ ശ്രദ്ധേയമാണ്. വളരെ ചുരുങ്ങിയ സമയംകൊണ്ട് കേരളത്തിലെ സാധാരണ ക്കാരുടെയും രാഷ്ട്രീയ പ്രവർത്തകരുടെയും സാമൂഹ്യ പ്രവർത്തകരുടേയും മനസ്സിൽ സ്ഥാനം പിടിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞു. പദ്മവിഭൂഷൺ പോലുള്ള പദവികൾ, രാഷ്ട്രീയ പ്രവർത്തകർക്കും ജനപ്രതിനിധികൾക്കും അപൂർവ്വമായി നൽകുന്ന ഭാരതത്തിൽ തന്റെ പ്രവർത്തനംകൊണ്ടും താൻ പ്രവർത്തിച്ച മേഖലയിലെ വൈഭവം കൊണ്ടും ഇത്തരം മഹത്തായ പദവികൾ നേടിയെടുക്കാൻ കഴിഞ്ഞ അപൂർവ്വ വ്യക്തികളിൽ ഒരാളായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ നിര്യാണത്തോടെ, അദ്ദേഹത്തിന്റെ കുടുംബത്തിനേറ്റിട്ടുള്ള ദു:ഖം വാക്കുകൾ കൊണ്ട് പറഞ്ഞുതീർക്കാൻ കഴിയില്ല. അദ്ദേഹത്തിന്റെ പ്രിയ പത്നിക്കും കുടുംബാംഗങ്ങൾക്കും നേരിട്ട ദു:ഖത്തിൽ നിന്നും ശാന്തി ലഭിക്കുവാൻ ഈശ്വരൻ അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ട്, അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തി നേർന്നുകൊണ്ട്, ഈ സഭയും അങ്ങും അദ്ദേഹത്തിന്റെ നിര്യാണത്തിൽ രേഖപ്പെടുത്തിയ അനുശോചനത്തിൽ ഞാനും എന്റെ പാർട്ടി പ്രവർത്തകരും പങ്കു ചേരുന്നു. "ജയ്ഹിന്ദ്".

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, കേരള ഗവർണ്ണർ ആയിരിക്കെ നമ്മെ വിട്ടുപിരിഞ്ഞ സിക്കന്തർ ബക്തിന്റെ നിര്യാണത്തിൽ അങ്ങും സഭാ നേതാവും കക്ഷിനേതാക്കളും പ്രകടിപ്പിച്ച വികാരത്തോട് ഞാനും പൂർണ്ണമായി യോജിക്കുകയാണ്. ഇൻഡ്യൻ രാഷ്ട്രീയത്തിലെ വൈതരണിയായിരുന്നല്ലോ 1969-ലെ പിളർപ്പ്. ഒരു പുതിയ മാറ്റത്തിനു വേണ്ടിയുള്ള ഘടകമാണെന്നുള്ള രീതിയിൽ ഞങ്ങളെപ്പോലുള്ളവർ ആവേശം കൊണ്ടപ്പോൾ ഞങ്ങൾക്ക് നഷ്ടപ്പെട്ടത് സിക്കന്തർ ഭക്തിനെപ്പോലുള്ള സ്വാതന്ത്ര്യ സമരത്തിന്റെ പൈതൃകമുൾക്കൊള്ളുന്ന കുറെയേറെ രാഷ്ട്രീയ നേതാക്കളെയാണ്. ആ രാഷ്ട്രീയ നേതാക്കളുടെ നേതൃത്വം ആവശ്യമായിരുന്ന കാലഘട്ടത്തിലാണ് സിക്കന്തർ ബക്തിനെ നമുക്ക് നഷ്ടപ്പെട്ടിട്ടുള്ളതെന്നത് നമ്മെ കൂടുതൽ വേദനിപ്പിക്കുന്ന ഒരു ഘടകമാണ്. സ്വാതന്ത്ര്യത്തിന്റെ എല്ലാ അർത്ഥത്തിലുമുള്ള മാന്യതയും മഹത്ത്വവും

തന്റെ ജീവിതത്തിന്റെ അന്ത്യംവരെ അദ്ദേഹം കാത്തുസൂക്ഷിച്ചു എന്നുള്ളതു തന്നെയാണ് എല്ലാ നേതാക്കൻമാരുടെയും അഭിപ്രായ പ്രകടനങ്ങളുടെ സത്ത. സിക്കന്തർ ബക്തിനെപ്പോലുള്ള ആളുകൾ ഈ രാജ്യത്തിന് ചെയ്തിട്ടുള്ള നേതൃത്വപരമായ പങ്കിനെക്കുറിച്ച് ഓർമ്മിക്കാൻ, ആ പങ്കിന്റെ അടിസ്ഥാനത്തിൽ നമ്മുടെ രാജ്യത്തെ രാഷ്ട്രീയ നേതാക്കൻമാരും പ്രവർത്തകരും പ്രവർത്തിക്കണം. അതായിരിക്കും അദ്ദേഹത്തോട് കാണിക്കാനുള്ള ഏറ്റവും വലിയ ആദരാഞ്ജലി എന്നുള്ളതാണ് എന്റെ വിശ്വാസം. അദ്ദേഹത്തിന്റെ ദേഹവിയോഗത്തിൽ വേദനിക്കുന്ന കുടുംബാംഗങ്ങളോട് എനിക്കുള്ള അഗാധമായ ദു:ഖം പ്രകടിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ) : സർ, നമ്മുടെ ഗവർണ്ണർ ആയിരിക്കെ വളരെ അപ്രതീക്ഷിതമായി നമ്മെ വിട്ടുപിരിഞ്ഞ സിക്കന്തർ ബക്തിന്റെ നിര്യാണത്തിൽ അങ്ങും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കക്ഷി നേതാക്കളും പ്രകടിപ്പിച്ച വികാരങ്ങളോട് ഞാനും പൂർണ്ണമായി യോജിക്കുകയാണ്. ദേശീയ രാഷ്ട്രീയത്തിൽ തിളങ്ങി നിന്ന ആദർശധീരനായ ഒരു നേതാവിന്റെ, അതിലെല്ലാം ഉപരിയായി മതേതരത്വത്തിന്റെ പ്രതീകമായി ഇൻഡ്യൻ രാഷ്ട്രീയത്തിൽ ചൂണ്ടിക്കാണിക്കാവുന്ന ഏറ്റവും മാതൃകാപരമായ വ്യക്തിത്വത്തിന്റെ ഉടമകൂടിയായിരുന്നു സിക്കന്തർ ബക്ത്. വളരെ ചുരുങ്ങിയ കാലംകൊണ്ട് കേരളത്തിലെ മുഴുവൻ ജനങ്ങളുടേയും ഹൃദയത്തിൽ സ്ഥാനം നേടാൻ കഴിഞ്ഞ അപൂർവ്വം ഗവർണ്ണർമാരിൽ ഒരാളായിട്ടാണ് അദ്ദേഹത്തെ കേരളത്തിലെ ജനത കാണുന്നത്. സ്വാതന്ത്ര്യ ലബ്ധിക്കുശേഷം നിരവധി ഗവർണ്ണർമാർ വന്നുപോയിട്ടുണ്ട്. അവർ ഓരോരുത്തരും ഓരോതരത്തിലുള്ള സ്മരണകളാണ് നൽകിയിട്ടുള്ളത്. പക്ഷെ അവരെക്കുറിച്ചൊക്കെ ഓർക്കുമ്പോൾ സിക്കന്തർ ബക്ത് നമുക്ക് വേദനയുളവാക്കുന്ന ഓർമ്മയായി നിൽക്കുന്നു. അദ്ദേഹത്തിന്റെ സന്തപ്ത കുടുംബാംഗങ്ങളോട് അനുശോചനമറിയിച്ചുകൊണ്ട് ഈ സഭയുടെ പൊതുവികാരത്തോട് യോജിച്ചുകൊണ്ട് ഞാൻ അദ്ദേഹത്തിന്റെ സ്മരണയ്ക്കു മുൻപിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

ശ്രീ. പി. സി. ജോർജ്ജ് : സർ, കേരള ഗവർണ്ണറായിരിക്കെ അന്തരിച്ച സിക്കന്തർ ബക്തിന്റെ നിര്യാണത്തിൽ അങ്ങും മുഖ്യമന്ത്രിയും കക്ഷി നേതാക്കൻമാരും പ്രകടിപ്പിച്ച വികാരങ്ങളോട് ഞാനും യോജിക്കുകയാണ്. നമ്മുടെ ഗവർണ്ണറായിരുന്ന സിക്കന്തർ ബക്തിനെക്കുറിച്ച് ചിന്തിക്കുമ്പോൾ അദ്ദേഹം ഈ സംസ്ഥാനത്തെ ജനങ്ങളെ എങ്ങനെയാണ് കണ്ടിരുന്നതെന്നുള്ളതിന് ഒരു ചെറിയ കാര്യം മാത്രമേ സൂചിപ്പിക്കാനുള്ളൂ. പ്രതിപക്ഷ കക്ഷി നേതാക്കൻമാർ അദ്ദേഹത്തെ കാണാൻ ചെന്നപ്പോൾ അദ്ദേഹം ഗവർണ്ണർ എന്ന അധികാര പദവി സംസ്ഥാന ഭരണത്തിൽ ഏതുപരിധിവരെ ഉപയോഗിക്കാൻ കഴിയുമെന്നുള്ളതിനെപ്പറ്റി വ്യക്തമായ ഒരു കാഴ്ചപ്പാട് പറയുകയുണ്ടായി. അദ്ദേഹത്തിന്റെ ആ പ്രതികരണം ഇൻഡ്യൻ ഭരണത്തിൽ ഗവർണ്ണർമാരുടെ പ്രസക്തിയെപ്പറ്റിയുള്ള ചർച്ചയ്ക്കുപകരിക്കുന്നതായിരുന്നു എന്നുള്ള അഭിപ്രായം എനിക്ക് അന്നുതന്നെയുണ്ടായി. അതുപോലെതന്നെ കേരളവുമായി വലിയ ബന്ധമില്ലാത്ത അദ്ദേഹം കേരളത്തിലെ കാർഷിക മേഖലയുടെ മുഴുവൻ കാര്യങ്ങളെക്കുറിച്ച് ചോദിച്ചറിയുവാൻ ശ്രമം നടത്തി. കാർഷിക വിഭവങ്ങൾ എന്തൊക്കെയാണെന്ന് അദ്ദേഹത്തിന് അറിയാവുന്ന രീതിയിൽ കക്ഷി നേതാക്കൻമാരോട് ചോദിച്ച് പഠിക്കാൻ ശ്രമിക്കുന്നത് കാണാനിടയായി. അദ്ദേഹം എല്ലാ കാലഘട്ടങ്ങളിലും ഈ രാജ്യത്തിന്റെ കാഴ്ചപ്പാടുകൾക്ക് അനുഗുണമായി, മതേതര കാഴ്ചപ്പാടിനനുഗുണമായി പ്രവർത്തിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

തന്റേടം കാണിച്ചിരുന്ന ഒരു വലിയ ബഹുമുഖ പ്രതിഭയായിരുന്നു. അദ്ദേഹത്തിന്റെ നിര്യാണം നമ്മുടെ മെഡിക്കൽകോളേജ് ആശുപത്രിയിൽ വച്ചായിരുന്നല്ലോ എന്നോർക്കുമ്പോൾ അത് നമ്മെ കൂടുതൽ വേദനിപ്പിക്കുന്നുവെന്നുള്ള കാര്യവും നമുക്ക് നിഷേധിക്കാൻ കഴിയില്ല. അദ്ദേഹത്തിന്റെ നിര്യാണം ഈ സംസ്ഥാനത്തിനും രാജ്യത്തിനും വലിയ നഷ്ടമാണുണ്ടാക്കിയിട്ടുള്ളത്. അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തി നേർന്നുകൊണ്ടും, അദ്ദേഹത്തിന്റെ വേദനിക്കുന്ന കുടുംബാംഗങ്ങളോട് അനുശോചനം രേഖപ്പെടുത്തിക്കൊണ്ടും അദ്ദേഹത്തിന്റെ ഓർമ്മയ്ക്കു മുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

മി. സ്പീക്കർ : അന്തരിച്ച മഹത്വ്യക്തിയോടുള്ള ആദരസൂചകമായി നമുക്ക് അൽപ്പസമയം എഴുന്നേറ്റുനിന്ന് മൗനമാചരിക്കാം.

(അന്തരിച്ച മഹത്വ്യക്തിയോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപ്പനേരം എഴുന്നേറ്റുനിന്ന് മൗനമാചരിച്ചു.)

മി. സ്പീക്കർ : ഓർഡർ..... ഓർഡർ..... സഭ ഇപ്പോൾ പിരിയുന്നതും രാവിലെ 10.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(രാവിലെ 10.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ രാവിലെ 9.48-ന് പിരിഞ്ഞു.)

(രാവിലെ 9.48-ന് പിരിഞ്ഞ സഭ ഇടവേളയ്ക്കുശേഷം രാവിലെ 10.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.)

മുൻമുഖ്യമന്ത്രി ഇ. കെ. നായനാർ, തിരു-കൊച്ചി മുൻ നിയമസഭാ സ്പീക്കർ എ. എം. തോമസ്സ് എന്നിവരുടെ നിര്യാണം സംബന്ധിച്ച റഫറൻസ്

മി. സ്പീക്കർ: മുൻമുഖ്യമന്ത്രിയും സി. പി. എം. പോളിറ്റ്ബ്യൂറോ അംഗവുമായ ഇ. കെ. നായനാരുടെ നിര്യാണം സമീപകാലത്ത് നമ്മുടെ സംസ്ഥാനത്തുണ്ടായതിൽ വച്ച് ഏറ്റവും ദുഃഖകരമായ ഒരു സംഭവമാണ്. സ്വാതന്ത്ര്യസമരഭടൻ, പത്രപ്രവർത്തകൻ, സംഘാടകൻ, പാർലമെന്റേറിയൻ, ഭരണാധികാരി എന്നീ നിലകളിൽ ആറു പതിറ്റാണ്ടുകാലം കേരളത്തിന്റെ പൊതുജീവിതത്തിൽ നിറഞ്ഞുനിന്ന നായനാർ ജനപ്രിയനായ ഒരു നേതാവും കർമ്മധീരനായ ഒരു വിപ്ലവകാരിയുമായിരുന്നു.

1919 ഡിസംബർ 9-ാം തീയതി കല്ല്യാശ്ശേരി ഗോവിന്ദൻ നമ്പ്യാരുടെ മകനായി ജനിച്ച കൃഷ്ണൻ നായനാർ സ്കൂൾ ഫൈനൽ വിദ്യാഭ്യാസം കഴിഞ്ഞ് രാഷ്ട്രീയരംഗത്ത് പ്രവേശിച്ചു. കാർഷിക-വ്യാവസായിക മണ്ഡലങ്ങളിലെ തൊഴിലാളികളെ സംഘടിപ്പിച്ചുകൊണ്ടാണ് അദ്ദേഹം പൊതുപ്രവർത്തനത്തിന് തുടക്കം കുറിച്ചത്. ബ്രിട്ടീഷ് വാഴ്ചയ്ക്കെതിരെ മലബാർ പ്രദേശത്ത് ഉയർന്നുവന്ന പ്രക്ഷോഭങ്ങൾ അദ്ദേഹത്തെ ആവേശഭരിതനാക്കി. ചരിത്രപ്രസിദ്ധമായ കയ്യൂർ കർഷക മുന്നേറ്റത്തിലും മൊറാഴ സമരത്തിലും ഭാഗഭാക്കായതിനാൽ അദ്ദേഹത്തിന് ദീർഘകാലം ഒളിവിൽ കഴിയേണ്ടിവന്നു. 1940-ൽ ആറോൺമിൽ സമരത്തിൽ പങ്കെടുക്കുകയും അറസ്റ്റ് വരിക്കുകയും ചെയ്ത നായനാർക്ക് കമ്മ്യൂണിസ്റ്റ് പാർട്ടി നിരോധിക്കപ്പെട്ടതിനെത്തുടർന്ന് ജയിൽവാസം

LIBRARY ARCHIVES Kerala Legislative Assembly